# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2628 09.03.2017 -ലെ മറുപടിക്ക്

**ആമയിഴഞ്ചാൻ തോട്ടിലേക്ക് മലിനജലം ഒഴുക്കിവിടുന്നത് തടയാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ ആമയിഴഞ്ചാൻ തോട്ടിലേക്ക് സ്വിവറേജ് ടാങ്കിൽ നിന്നും മലിനജലം ഒഴുക്കി വിടുന്നതായി ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം സ്വിവറേജ് പദ്ധതിയുടെ 'എ' ബ്ലോക്ക് 1945 ലാണ് കമ്മീഷൻ ചെയ്തത്. നിലവിലെ ജനസംഖ്യ വർദ്ധനവ് മൂലം ഈ പദ്ധതിയിലെ സ്വീവർ നെറ്റ് വർക്കിന്റെ പരിധിക്കപ്പുറം മലിനജലം വരുന്ന സാഹചര്യങ്ങളിൽ ഓവർഫ്ലോ ഉണ്ടാകാറുണ്ട്. ഇതിന് പരിഹാരമായി കരമന നദി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കര്യാത്തി പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റുകൾ സ്ഥാപിച്ച് പമ്പിംഗ് കാര്യക്ഷമമാക്കുകയും അതുമൂലം ഒരു പരിധിവരെ ഓവർഫ്ലോ പരിഹരിച്ചിട്ടുമുണ്ട്. കൂടാതെ അമൃത് പദ്ധതിയിലും പ്ലാൻ പദ്ധതിയിലും ഉൾപ്പെടുത്തി കൂടുതൽ നവീകരണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ആമയിഴഞ്ചാൻ തോടിന്റെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂലമുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുവാനും പാർശ്വഭിത്തി, നടപ്പാത തുടങ്ങിയവ നിർമ്മിക്കുന്നതിനുമുള്ള 13,35,50,000/- രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ